# മെട്രോ വാർത്ത

## കേരള രാജ്യാന്തര ഊർജമേള ഇന്ന് സമാപിക്കും

തിരുവനന്തപുരം: എനർജി മാനേജ്മന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കേരള രാജ്യാന്തര ഊർജമേളയുടെ രണ്ടാം പതിപ്പിന് ഇന്ന് സമാപനം. മേളയുടെ വേദിയായ തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ നടക്കുന്ന സമാപന ചടങ്ങ് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും.

കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി മുഖ്യാതിഥിയാകും. ഊർജ അഡിഷണൽ ചീഫ് സെക്രട്ടറി കെ.ആർ.

ജ്യോതിലാൽ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡയറക്ടർ ടി.വി. സുഭാഷ് എന്നിവർ സംബന്ധിക്കും. എനർജി മാനേജ്മെന്റ് സെന്റർ ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി.കെ. ദാമോദരൻ ആശംസകളർപ്പിക്കും. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും ജോയിന്റ് ഡയറക്ടർ എ.എൻ. ദിനേശ് കുമാർ നന്ദിയും അറിയിക്കും.

കാർബൺ രഹിത കേരളം എന്ന പ്രമേയത്തിൽ സംഘടിപ്പിക്കപ്പെട്ട മേളയിൽ ഹരിത കർമ സേന അംഗങ്ങൾക്കുള്ള എൽ ഇ ഡി റിപ്പയറിങ് പരിശീലനം, വിദ്യാർഥികൾക്കായി നടത്തിയ വിവിധ സംസ്ഥാന തല മത്സരങ്ങൾ ഉൾപ്പെടുന്ന സ്റ്റുഡന്റ് എനർജി കോൺഗ്രസ്, പുനരുപയോഗ ഊർജ സ്രോതസുകൾ, ഇലക്ട്രിക് കുക്കിങ്, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ പ്രദർശനം നടന്ന ഗ്രീൻ എക്സ്പോ എല്ലാ പ്രായക്കാർക്കും മത്സരിക്കാവുന്ന മെഗാ ക്വിസ് മത്സരം എന്നിവയുണ്ടാകും. വിജയിക്ക് ഒരു ലക്ഷം രൂപ സമ്മാനം ലഭിക്കുന്ന ക്വിസ് മത്സരത്തിന്റെ ഫൈനൽ ഇന്ന് നടക്കും.